# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 28

# വാർത്താക്കുറിപ്പ്

## പി.എച്ച്ഡി. രജിസ്ട്രേഷൻ; അപേക്ഷ ജൂലൈ 31 വരെ

മഹാത്മാഗാന്ധി സർവകലാശാലയിൽ 2020 അഡ്മിഷൻ പി.എച്ച്ഡി. രജിസ്ട്രേഷനുള്ള അപേക്ഷകൾ ജൂലൈ 31നകം സർവകലാശാലയിൽ നൽകണം. ഫീസടച്ച രസീത്, റിസർച്ച് പ്രൊപ്പോസൽ എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്. ഗവേഷണ മാർഗദർശിയിൽനിന്നുള്ള സമ്മതപത്രം, ഗവേഷണ കേന്ദ്രം മേധാവിയിൽനിന്നുള്ള കരാർ എന്നിവ അപേക്ഷയ്ക്കൊപ്പം നൽകണമെന്ന നിബന്ധനയില്ല. അപേക്ഷ നൽകിയതിനു ശേഷം സർവകലാശാലയിൽനിന്ന് അറിയിപ്പ് ലഭിക്കുമ്പോൾ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കണം.

(പി.ആർ.ഒ/39/768/2020)

## പ്രാക്ടിക്കൽ

2020 ഫെബ്രുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.സി.എ.(സി.ബി.സി.എസ്. -2017 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് മൂന്നിന് അതത് കോളജുകളിൽ നടക്കും. വിശദവിവരം കോളജിൽ ലഭിക്കും.

(പി.ആർ.ഒ/39/769/2020)

## പരീക്ഷ ഫലം

2019 ഒക്ടോബറിൽ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ നടന്ന പി.എച്ച്ഡി. കോഴ്സ് വർക്ക് (2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/770/2020)

2020 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ(ജനറൽ സോഷ്യൽ സയൻസസ്-സി.എസ്.എസ്) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/771/2020)

## പി.എച്ച്ഡി. പ്രവേശന പരീക്ഷ; യോഗ്യത സർട്ടിഫിക്കറ്റ് ഇന്ന് കൂടി (ജൂലൈ 29) നൽകാം

പി.എച്ച്ഡി. പ്രവേശന പരീക്ഷ(2019)യ്ക്ക് യോഗ്യത പരീക്ഷ സർട്ടിഫിക്കറ്റുകൾ നിർദിഷ്ട സമയത്ത് സമർപ്പിക്കാൻ കഴിയാത്തതിനാൽ പരീക്ഷഫലം തടഞ്ഞുവയ്ക്കപ്പെട്ട വിദ്യാർഥികൾക്ക് രേഖകൾ സമർപ്പിക്കാം. യോഗ്യത സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ mguphdeb@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഇന്ന്(ജൂലൈ 29) വൈകിട്ട് നാലിനു മുമ്പ് അയച്ചു നൽകാം.

(പി.ആർ.ഒ/39/772/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ